(സി) രവീന്ദ്രന്റെ മൃതദേഹവുമായി പോയ വിലാപയാത്രയിൽ പങ്കെടുത്ത് തിരിച്ചുപോയ ആരെയെങ്കിലും അറസ്റ്റ് ചെയ്യുകയോ കേസെടുക്കുകയോ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ഡി) എങ്കിൽ എത്ര കേസുകൾ ആരുടെയൊക്കെ പേരിൽ ഏതൊക്കെ കുറ്റം ചുമത്തി എടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഇ) ഈ പ്രശ്നവുമായി ബന്ധപ്പെട്ട് പിന്നീട് എത്ര കേസുകൾ എടുത്തിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(എഫ്) ഇതിൽ എത്ര പേരെ പ്രതികളാക്കിയെന്നും ഏതൊക്കെ കുറ്റം ചുമത്തി കേസ് എടുത്തിട്ടുണ്ടെന്നും അറിയിക്കാമോ?

ഉത്തരം

(എ ആന്റ് ബി) ലഭിച്ചിട്ടുണ്ട്. ഭരണപരിഷ്ക്കാരവേദി കോഴിക്കോട് ജില്ലാ കമ്മിറ്റി സെക്രട്ടറി ശ്രീ. കെ. കെ. ജയകുമാറിൽ നിന്നും ഒരു നിവേദനം സർക്കാരിന് ലഭിച്ചിട്ടുണ്ട്. പ്രസ്തുത നിവേദനം പരിശോധിച്ചുവരുന്നു.

(സി) അറസ്റ്റ് ചെയ്ത് കേസ് എടുത്തിട്ടുണ്ട്.

(ഡി) കുറ്റ്യാടി പോലീസ് സ്റ്റേഷനിൽ ക്രൈം നം. 109/2004 u/s 143, 147, 148, 307, 353 r/w 149 IPC and Section 27 of Arms Act, കുറ്റ്യാടി, പോലീസ് സ്റ്റേഷനിലെ ക്രൈം 110/2004 u/s 143, 147, 148, 333, 307 r/w 149 IPC and Section 27 of Arms Act, പ്രകാരം. (1) പി. റ്റി. ജോർജ് @ സണ്ണി, (2) സതീശൻ, s/o പൊക്കൻ, (3) ഉത്താനയ്ക്കൽ ജയകുമാർ, s/o മന്നൻ, (4) ചെറിയതറയിൽ സതീശൻ, s/o കുഞ്ഞിരാമൻ, (5) വടക്കേപറമ്പത്ത് സുനിൽ, s/o നാണു, (6) കണ്ണാടി താഴെക്കുന്നി അനീഷ്, s/o കണ്ണൻ, (7) ചടച്ചിക്കുനിയിൽ രാജൻ, s/o കണാരൻ, (8) ചിറ്റങ്ങാരിക്കുനി അനീഷ്, s/o കുമാരൻ, (9) പുതിയേടത്ത് സുധീഷ്, s/o ചാത്തു, (10) കുന്നത്ത് സുധാകരൻ, s/o കണ്ണൻ എന്നിവർക്ക് എതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(ഇ) 18 കേസുകൾ.

(എഫ്) ഇതിൽ 173 പ്രതികൾക്കെതിരെ IPC-യിലെ വിവിധ വകുപ്പുകൾ പ്രകാരം Section 143, 147, 294ബി, 506 (1), 462, 427, 341, 188, 283, 452, 436, 435, 395, 379, 145, 148, 448 (3) (2) (e) of PDPP Act കൂടാതെ Cr.P.C. Section 151 പ്രകാരവുമാണ് കേസുകൾ രജിസ്റ്റർ ചെയ്തിട്ടുള്ളത്.

സംസ്ഥാനത്തുനിന്നും കാണാതായവർ

58 [59] ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്തുനിന്നും എത്ര പേരെ കാണാതായിട്ടുണ്ടെന്ന് അറിയിക്കാമോ;

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിൽ പുരുഷൻമാർ എത്ര; സ്ത്രീകൾ എത്ര; കുട്ടികൾ എത്ര;

(സി) കാണാതായവരിൽ എത്ര പേർ മരണമടഞ്ഞിട്ടുണ്ടെന്ന് വെളിപ്പെടുത്താമോ;

(ഡി) മരണമടഞ്ഞവരിൽ സ്ത്രീകൾ എത്ര; കുട്ടികൾ എത്ര; പുരുഷൻമാർ എത്ര?

ഉത്തരം

(എ) 6,805 പേരെ കാണാതായിട്ടുണ്ട്.

(ബി) പുരുഷൻമാർ . . 2,758

സ്ത്രീകൾ . . 2,981

കുട്ടികൾ . . 866

(സി) കാണാതായവരിൽ 104 പേർ മരണമടഞ്ഞതായി വെളിവായിട്ടുണ്ട്.

(ഡി) സ്ത്രീകൾ . . 26

കുട്ടികൾ . . 6

പുരുഷൻമാർ . . 72

സംസ്ഥാനത്തുനിന്നും തട്ടിക്കൊണ്ടുപോകപ്പെട്ടവർ

59 [60] ശ്രീ. ടി. പി. രാമകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 2004 ജൂൺ 15 വരെ സംസ്ഥാനത്തുനിന്നും എത്ര പേരെ തട്ടിക്കൊണ്ടുപോയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഇതിൽ സ്ത്രീകളെത്ര; കുട്ടികൾ എത്ര; പുരുഷൻമാർ എത്ര;

(സി) ഇത് സംബന്ധിച്ച് എത്ര കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

ഉത്തരം

(എ ആന്റ് ബി) 570 പേരെ തട്ടിക്കൊണ്ടുപോയിട്ടുണ്ട്. ഇതിൽ 211 സ്ത്രീകളും, 160 കുട്ടികളും, 199 പുരുഷൻമാരുമാണ്.

(സി) 550 കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്?

LIBRARY ARCHIVES Kerala Legislative Assembly